# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/488/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ , കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/488/2022 തീയ്യതി: 25/03/2022

# കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-11-2019 മുതൽ 14-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ.ടി.സി | ജോയിന്റ് ഡയറക്ടർ | 14-03-2022 | 19-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-03-2022 | 19-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഇ.വി ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ശോഭന.ഒ.പി | പ്രസിഡന്റ് | 01-04-2020 | 10-10-2020 |
| കെ.പി.സുനിൽ കുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി. നജില ഉബൈദുള്ള | സെക്രട്ടറി | 01-04-2020 | 21-08-2020 |
| ശ്രീ. പ്രദീപ് കുമാർ. എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-08-2020 | 09-11-2020 |
| ശ്രീ. ജോർജ് ജോസഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-11-2020 | 04-01-2021 |
| ശ്രീമതി. രജിത.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2021 | 08-02-2021 |
| ശ്രീ. ചന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രേഖ.പി.ആനന്ദ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ഷാഹുൽ ഹമീദ്.എ.എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 24-06-2020 |
| ശ്രീമതി. നിഷ.ഐ | അസിസ്റ്റന്റ് എൻജിനീയർ | 25-06-2020 | 31-03-2021 |
| ശ്രീ. സതീഷ്.ഒ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗീത.കെ.ജി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലാവണ്യ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡോ. രൂപ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി. സൽന.എം | ഇൻസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡോ. ബേബി പീത | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. എൻ.പി | സാമൂഹ്യ നീതി ഓഫീസർ | 01-04-2020 | 03-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: E.V Hari (Audit Officer, On 18-03-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: E.V Hari (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: E.V Hari (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Rency E (Auditor, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Sreeja Thekkan (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-7 |
| 9 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-8 |
| 10 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-9 |
| 11 | ബ്ലോക്ക് പഞ്ചായത്ത് വി.ഇ.ഒ - മാർക്ക് ലാപ് ടോപ്പ് നൽകൽ - ലാപ് ടോപ്പ് നാളിതുവരെ ലഭ്യമാക്കിയില്ല<br>Written By: Sreeja Thekkan (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-10 |
| 12 | കാർഷിക മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റപ്പെടുന്ന തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല.<br>Written By: E.V Hari (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-11 |
| 13 | പി.എം.എ.വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: T.K.Latha (Senior Grade Auditor, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-12 |
| 14 | എസ്. സി. കട്ടിൽ വിതരണം - അപാകതകൾ<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-13 |
| 15 | വിട്ടുകിട്ടിയ ഭൂമി നിഷ്ക്രിയമായി തുടരുന്നു<br>Written By: T.K.Latha (Senior Grade Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-14 |
| 16 | പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗ വിവരം ലഭ്യമല്ല | 1-15 |

| | | |
|---|---|---|
| | Written By: T.K.Latha (Senior Grade Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | |
| 17 | വെങ്കണക്കര കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-16 |
| 18 | പുല്ലപിലാക്കൽ കുടിവെള്ളപദ്ധതി - പ്രോജക്റ്റ് ആസൂത്രണം സമഗ്രമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-17 |
| 19 | സിഡ്കോ മുഖേന നടപ്പാക്കിയ പ്രവൃത്തിയുടെ ഗുണനിലവാരം സുതാര്യത എന്നിവ ഉറപ്പുവരുത്തിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-18 |
| 20 | പൊതുമരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-19 |
| 21 | ഇ ടെണ്ടർ ഫീ - ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.<br>Written By: RAMDAS M. (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 3-1 |
| 2 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 3-2 |
| 3 | പൊതുമരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 19-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപം<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rency E (Auditor, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: E.V Hari (Audit Officer, On 18-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 25-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 20/03/2020 ലെ 28/2019-20 നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 26/03/2020 ലെ 105/19-20 നമ്പർ തീരുമാന പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, റവന്യൂ വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല. നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 04.06.2021 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

ചേലന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 4 പ്രകാരം വിവിധ വർഷങ്ങളിലായി ലഭിച്ച താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Centrally Sponsored Scheme- Total Sanitation Campaign ( TSC ) | 7,21,224 |
| 2 | Grant For Keralolsavam | 90,000 |
| 3 | Nirmal Puraskar | 70,584 |

മേൽ ഗ്രാന്റുകൾ വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. കേരളോത്സവം ഗ്രാന്റ് ഇനത്തിൽ യുവജന ക്ഷേമ ബോർഡിൽ നിന്നും ലഭിച്ച 90,000 രൂപ (തൊണ്ണൂറായിരം രൂപ) ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ആയത് പ്രസ്തുത ബോർഡിന്റെ അനുമതിയോടെ വരും വർഷത്തിൽ കേരളോത്സവത്തിന് ഉപയോഗിക്കുകയോ അല്ലാത്തപക്ഷം യുവജന ക്ഷേമ ബോർഡിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

4. Receipts And Payments Statement ഷെഡ്യൂൾ RP 7 – ൽ Contribution Towards Joint Venture Projects – From District Panchayat – 1,20,000, Contribution Towards Joint Venture Projects – From Grama Panchayat – 70,000 എന്നിങ്ങനെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് / ട്രഷറി അക്കൗണ്ടുകളിലൊന്നും ഇപ്രകാരം ഒരു വരവ് വന്നിട്ടില്ല.

5. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില ( ഇ – ടെണ്ടർ ഫീ ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6629668 |
| വരവ് | 65153276 |
| ആകെ | 71782944 |
| ചെലവ് | 68743188 |
| നീക്കിയിരിപ്പ് | 3039756 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 29352678 | 29352678 | 26605112 | 2747566 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 15819000 | 15819000 | 15819000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1574000 | 1574000 | 1006158 | 567842 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 5123649 | 5123649 | 4099328 | 1024321 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 2755000 | 2755000 | 1094914 | 1660086 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 360773 | 696335 | 1057108 | 921800 | 135308 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Basic Grant) | 0 | 5510000 | 5510000 | 5167902 | 342098 |
| ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 5539423 | 5032000 | 10571423 | 9647354 | 924069 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 111 | 9,38,91,857 | 90 | 5,43,54,692 | - | 21 | 57.89% |

വിവിധ പ്രൊജക്ടുകൾക്കായി 9,38,91,857 രൂപ വകയിരുത്തിയതിൽ കേവലം 5,43,54,692 രൂപ മാത്രമേ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട് / C. F. C ഗ്രാന്റ് / മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വൻ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്.

2) വാർഷിക പദ്ധതി ചെലവ് കുറഞ്ഞു - സർക്കാർ ഗ്രാന്റിനത്തിൽ 59,99,815 രൂപ നഷ്ടപ്പെട്ടു

111 പ്രൊജക്ടുകൾക്കായുള്ള 5,97,92,229 രൂപയുടെ വാർഷിക അടങ്കലിൽ നിന്നും 2.26 കോടി രൂപ മാത്രമാണ് വാർഷിക പദ്ധതിക്കായി വിനിയോഗിച്ചിട്ടുള്ളത്. എല്ലാ സർക്കാർ ഗ്രാന്റിനങ്ങളിലും ലഭ്യമായ അലോട്ട്മെന്റ് മുഴുവൻ വിനിയോഗിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവു വന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 2,93,52,678 | 2,66,05,112 | 2747566 |
| CFC Basic Grant | 5167902 | 5167902 | --- |
| CFC Basic Tied | 2755000 | 1094914 | 1660086 |

| | | | |
|---|---|---|---|
| വികസന ഫണ്ട് - Scp | 15819000 | 15819000 | ----- |
| വികസന ഫണ്ട് - -TSP | 1574000 | 1006158 | 567842 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 5123649 | 4099328 | 1024321 |
| ആകെ | 5,97,92,229 | 5,37,92,414 | 59,99,815 |

എല്ലാ ഗ്രാന്റിനങ്ങളിൽ നിന്നുമായി 59,99,815 രൂപ സ്ഥാപനത്തിന് നഷ്ടമായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതും, മതിയായ മുന്നൊരുക്കമോ, ആസൂത്രണമോ ഇല്ലാത്തതാണ് ഇത്തരത്തിൽ തുക നഷ്ടമാകുന്നതിന് കാരണം. വ്യവസായ വികസന ഓഫീസറുടെ തൻവർഷത്തിലെ പദ്ധതി ചെലവ് ആകെ 2.35% മാത്രമാണ്. ആയതിനാൽ പദ്ധതികൾ കൃത്യമായി അവലോകനം ചെയ്തും, ആസൂത്രണത്തിലെ പോരായ്മ പരിഹരിച്ചും, സമയബന്ധിതമായും പൂർത്തികരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ലഭ്യമായ ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായി ഉപയോഗിക്കുന്നതിന് ഭരണസമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2022 -ാം തീയതി 10.30 Am ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക്പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം ഏറെക്കുറെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കാണുന്നു. പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ 1-11-21 ലെ 84/21 നമ്പർ ഉത്തരവ് പ്രകാരം വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കാഷ് ബുക്ക്, ഡേ ബുക്ക് എന്നിവ എല്ലാ ദിവസവും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മറ്റ് രജിസ്റ്ററുകളിൽ അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2020-21 വർഷം ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. വിവരാവകാശ രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൻമേൽ യഥാസമയം നടപടികൾ കൈകൊള്ളുന്നുണ്ട്. KL57/B 9791 മഹീന്ദ്രാ ജീപ്പിന്റെ ലോഗ് ബുക്കിൽ 2-9-2019 മുതൽ 18-2-2020 വരെയുള്ള കാലയളവിൽ യാത്രാ വിവരം രേഖപ്പെടുത്തിയ പേജ് കൺട്രോളിംഗ് ഓഫീസറായ ബി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നകാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ പ്രവർത്തനങ്ങൾ

ഉണ്ടായിട്ടുണ്ട്. 1995-96 മുതൽ 2018-19 വരെ വർഷങ്ങളിലെ 18 ഓഡിറ്റ് റിപ്പോർട്ടുകളിലായി ആകെ 73 ഖണ്ഡികകൾ മാത്രമേ തീർപ്പാക്കാൻ അവശേഷിക്കുന്നുള്ളൂ.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിലെ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക്പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. ചൂണ്ടിക്കാട്ടിയ അപാകതകൾ കൂടി പരിഹരിച്ച്, അഭ്യന്തര നിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നംപർ/പേര് | 58/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| നിർവ്വഹണം | എസ്.സി.ഡി.ഒ |
| വകയിരുത്തിയ തുക | 5,25,000 (എസ്.സി.പി ഫണ്ട്) |
| ചെലവ് തുക | 345000+135000+200000+250000= 525000 |
| ബിൽ നംപർ | 9/7-10-20, 15/13-1-21, 16/13-1-21, 22/26-2-21 |

മേൽ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.കൈ. നംപർ 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ. 7.2.5 പ്രകാരം എസ്. സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കുള്ള ധനസഹായം എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആകെ 24 വിദ്യാർത്ഥികൾക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു വിദ്യാർത്ഥിക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടിയ നിരക്കിൽ ധനസഹായം അനുവദിച്ചതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നംപർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച ധന സഹായം | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ശ്രീ.ഷാല്യ.വി.കെ,<br>വട്ടക്കുനിയിൽ, തലക്കുളത്തൂർ. | DPharm (Diploma In Pharmacy) | 15,000 | 20,000 | 5,000 |

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിലും കൂടിയ നിരക്കിൽ ധന സഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (3/20-21 തീയ്യതി

17-3-2022) എസ്.സി.ഡി.ഒ നൽകിയ മറുപടിയിൽ ഡിപ്ലോമ വിദ്യാർത്ഥികൾക്ക് 20,000 രൂപ അനുവദിക്കാമെന്ന നിർദ്ദേശത്തെ തുടർന്നാണ് തുക അനുവദിച്ചതെന്നറിയിച്ചിട്ടുണ്ട്. നിർദ്ദേശം ഉൾക്കൊള്ളുന്ന ഉത്തരവ് ലഭ്യമാക്കാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 5,000 രൂപ എസ്.സി.ഡി.ഒ യിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-9 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | പ്രീമെട്രിക് ഹോസ്റ്റൽ നവീകരണം, കക്കോടി |
| വകയിരുത്തിയ തുക | 10,00,000 (വികസന ഫണ്ട് എസ്.സി.പി ) |
| ചെലവഴിച്ച തുക, ബിൽ/വൗച്ചർ നമ്പർ, തിയ്യതി | 528717+377121=905838<br>7/15-5-20,4/25-4-20 |
| എം. ബുക്ക് | 14/19-20,39/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടർ | ഒമ്റാൻ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് |
| എഗ്രിമെന്റ് നമ്പർ/തീയ്യതി | 5/AE/CLRBD/19-20 5-9-2019 |

കക്കോടിയിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ നവീകരണത്തിനായി 2019-20 വർഷത്തിൽ വിഭാവനം ചെയ്ത മേൽ പ്രോജക്ടിൽ പ്രീമെട്രിക് ഹോസ്റ്റലിനോട് അനുബന്ധിച്ച് ലൈബ്രറിയും കമ്പ്യൂട്ടർ ലാബും നിർമ്മിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്തതിന്റെ വിവരം മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| മെഷർമെന്റ് പുസ്തകം, പേജ് | അളവ് |
|---|---|
| 14/2019-20 പേജ് 2, 3 | 29.04 ഘ. മീ |

ഈ നിർമ്മാണത്തിൽ ഐറ്റം നമ്പർ 11 പ്രകാരം നിർമ്മാണത്തിനായി മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. മെഷർമെന്റ് പുസ്തകം 14/19-20 പേജ് 13 പ്രകാരം 20.48 ഘ. മീ. മണ്ണ് ഫിൽ ചെയ്യുകയും 19.264 ഘ. മീറ്ററിൽ ലിമിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനായി 500 രൂപ നിരക്കിൽ 9632 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഐറ്റം നമ്പർ 3 പ്രകാരം മേൽ അളവിൽ കുഴിച്ചെടുത്ത മണ്ണ്, ഫില്ലിങ്ങിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ലഭ്യമായിരിക്കെ ആയത് ഉപയോഗിക്കാതെ കരാറുകാരൻ സ്വന്തമായി കൊണ്ടു വന്ന മണ്ണ് നിറയ്ക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/19-20/17-3-22) നൽകിയതിന്, കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിക്കാൻ സാധിക്കാത്തതായിരുന്നുവെന്നും, പ്രസ്തുത വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ മുകളിൽ വിവരിച്ച രീതിയിൽ മണ്ണ് കുഴിച്ചെടുക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ പ്രവൃത്തി സ്ഥലത്തെ മണ്ണ് പരിശോധന നടത്തി മണ്ണിന്റെ സ്വഭാവം പരിശോധനാ വിധേയമാക്കിയിരുന്നോ എന്നത് വ്യക്തമല്ല. ആയതിനാൽ അസി. എഞ്ചിനീയർ നൽകിയ മറുപടി തൃപ്തികരമല്ല. കുഴിച്ചെടുത്ത 29.04 ഘ. മീ മണ്ണ് ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ 9,632/- രൂപയുടെ (19.264x500) ചെലവ്

ഒഴിവാക്കാമായിരുന്നു. ഈയിനത്തിൽ കരാറുകാരന് നൽകിയ 9,632/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് അനർഹമായി തുക അനുവദിച്ച എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-10 ബ്ലോക്ക് പഞ്ചായത്ത് വി.ഇ.ഒ - മാർക്ക് ലാപ് ടോപ്പ് നൽകൽ - ലാപ് ടോപ്പ് നാളിതുവരെ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 169/21 |
| പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്ത് വി.ഇ.ഒ - മാർക്ക് ലാപ് ടോപ്പ് നൽകൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | തനതു ഫണ്ട് - 3,60,000/- രൂപ |
| ചെലവഴിച്ച തുക | 3,29,868/- രൂപ – |
| ചെക്ക് നമ്പർ<br>തീയതി | 5517703<br>01/03/2021 |

ബ്ലോക്ക് പഞ്ചായത്ത് വി.ഇ.ഒ – മാർക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാരിന്റെ CPRCS പോർട്ടലിൽ നിന്നും ലാപ് ടോപ്പ് വാങ്ങുന്നതിന് തീരുമാനിച്ചു. ആയതിന് കെൽട്രോൺ ഇൻവോയ്സ് നമ്പർ TVM/ITBG/P1/RC/19786/2020-21 Dated: 22/10/2020 പ്രകാരം 3,29,868/- രൂപ IT മിഷന് മുൻകൂറായി നൽകി. 12 വി.ഇ.ഒ – മാർക്ക് ലാപ് ടോപ്പ് നൽകുന്നതിന്, ഒരെണ്ണത്തിന് 27,489/- രൂപ നിരക്കിൽ 3,29,868/- രൂപ (12*27489) യാണ് നൽകിയിരിക്കുന്നത്. എന്നാൽ ഓഡിറ്റ് തീയതി വരെ കെൽട്രോൺ ലാപ് ടോപ്പുകൾ ലഭ്യമാക്കിയിട്ടില്ല. ലാപ് ടോപ്പുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (11/2020-21/18-3-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിൽ നിന്ന് ലാപ് ടോപ്പുകൾ ലഭ്യമാക്കി വി.ഇ.ഒ മാർക്ക് നൽകി, ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-11 കാർഷിക മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റപ്പെടുന്ന തരത്തിലുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2019-20, 2020-21 വർഷങ്ങളിൽ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 172 (1) പട്ടിക 4 പ്രകാരം കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടെന്ന് കാണുന്നു. കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

. ഗ്രാമീണ തലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.

. ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് ആവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക.

. കാർഷിക പ്രദർശനങ്ങൾ നടത്തുക.

. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.

. കാർഷിക വായ്പ സ്വരൂപിക്കുക.

. പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും ഗ്രാമീണ തലത്തിലുള്ള പദ്ധതികൾക്ക് ആവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക എന്ന ചുമതലയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികൾ 2019-20, 2020-21 വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല എന്നു കാണുന്നു. രണ്ടു വർഷങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം നടത്തിയത് ഗ്രാമ പഞ്ചായത്തുകൾ മുഖ്യ പങ്കാളികളായായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 172 (1) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കാർഷിക മേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം മൂലം ഗ്രാമ പഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കപ്പെടുന്ന കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന് സഹായകമാകുന്ന തരത്തിലുള്ള മുൻ ബന്ധം സാധ്യമാകുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ നിന്നുമുള്ള പിൻവാങ്ങൽ ഗ്രാമ പഞ്ചായത്ത് തലത്തിലെ പദ്ധതികളുടെ നിർവ്വഹണത്തിൽ നൂതന സാങ്കേതിക വിദ്യ, യന്ത്ര വത്കരണം, എന്നീ ഘടകങ്ങളുടെ പ്രയോഗം സാധ്യമാകാത്ത സ്ഥിതി വിശേഷമുണ്ടാക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ആയത് ഗ്രാമ പഞ്ചായത്ത് പദ്ധതികൾക്ക് അനുപൂരകമാകുന്ന തരത്തിൽ മുൻ ബന്ധം ഉറപ്പാക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 14/2020-21 തീയതി 19.3.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കിയും വരും വർഷങ്ങളിൽ മേൽ സൂചിപ്പിച്ച തരത്തിൽ പദ്ധതികൾ നടപ്പാക്കി അറിയിച്ചും ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-12 പി.എം.എ.വൈ ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

സെക്രട്ടറി നടപ്പിലാക്കിയ വിവിധ പി.എം.എ.വൈ ഭവന പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ 19 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗ്രാമ പഞ്ചായത്ത് | എഗ്രിമെന്റ് വെച്ച തീയതി | കൈപ്പറ്റിയ തുക/അവസാനം കൈപ്പറ്റിയ തീയതി | പൂർത്തികരിച്ച സ്റ്റേജ് |
|---|---|---|---|---|---|
| 1 | ശ്രീമതി.ഗിരിജ.സി.റ്റി ചെറുവോട്ട് താഴ്ത്ത് | കക്കോടി | 05/11/20 | 48,000/11.03.21 | തറനിർമ്മാണം |
| 2 | ശ്രീ. നിത്യദേവൻ കിഴക്കേമാണത്ത് | കക്കോടി | 25/11/20 | 1,23,000 | ചുമർ |
| 3 | ശ്രീ. വേലായുധൻ കൊരഞ്ഞിയിൽ, | ചേളന്നൂർ | 25/11/20 | 376000/05.03.22 | വാസയോഗ്യം |

| | | | | | |
|---|---|---|---|---|---|
| | ഇരുവള്ളൂർ | | | | |
| 4 | ശ്രീമതി. ഗീതാ പാലോട്ട് പറമ്പ്, മക്കട | കക്കോടി | 27/10/20 | 3,71,000/27/11/21 | വാസയോഗ്യം |
| 5 | ശ്രീമതി. ദേവി കെ, കട്ടാമ്പറത്ത് | ചേളന്നൂർ | 27/11/20 | 344000/25 /02/22 | വാസയോഗ്യം |
| 6 | ശ്രീമതി. രമ പുലക്കോട്ട് ചാലിൽ പി.സി പാലം, കാക്കൂർ | കാക്കൂർ | 27/10/20 | 3,41,000/18/11/21 | വാസയോഗ്യം |
| 7 | ശ്രീമതി. ലീല ഇ.കെ ഇയ്യക്കുറ്റിയിൽ പാവണ്ടൂർ | കാക്കൂർ | 27/10/20 | 306000/30 /01/22 | വാസയോഗ്യം |
| 8 | ശ്രീമതി. മീനാക്ഷി വേയാട്ടുമ്മൽ ,നരിക്കുനി | നരിക്കുനി | 12/10/20 | 216000/23.10.21 | മേൽക്കൂര |
| 9 | ശ്രീമതി. ദേവി പുതിയാറമ്പത്ത് , എടക്കര | തലക്കുളത്തൂർ | 12/10/20 | 346000/29.07.21 | വാസയോഗ്യം |
| 10 | ശ്രീമതി. ജയ വെള്ളിയാറാട്ട് ചേളന്നൂർ | ചേളന്നൂർ | 12/10/20 | 376000/25.02.22 | വാസയോഗ്യം |
| 11 | ശ്രീമതി. തിരുമാല വിളക്കമഠത്തിൽ കാക്കൂർ | കാക്കൂർ | 12/10/20 | 171000/25.02.22 | ചുമർ |
| 12 | ശ്രീമതി. വിനീത പി പുതിയോത്ത്, നരിക്കുനി | നരിക്കുനി | 12/10/20 | 3,30,000/25 /09/21 | വാസയോഗ്യം |
| 13 | ശ്രീ. ചന്ദ്രൻ പി.എം പെരിഞ്ചിലമലയിൽ | കക്കോടി | 12/10/20 | 3,41,000/21/12/21 | മേൽക്കൂര |
| 14 | ശ്രീമതി. തങ്ക W/O വാസു മുണ്ടപ്പുറത്ത് മീത്തൽ | നരിക്കുനി | 23/03/20 | 3.80,000/13 /10/21 | വാസയോഗ്യം |
| 15 | ശ്രീമതി. ശൈലജ കൊക്കരത്തി പുറായിൽ | നരിക്കുനി | 10.07.20 | 3,70,000/12 /07/21 | വാസയോഗ്യം |
| 16 | ശ്രീ. ബേബി അയ്യപ്പൻ | കക്കോടി | 14/09/17 | 3,22,000/ | വാസയോഗ്യം |

| | | | | | |
|---|---|---|---|---|---|
| | പനയത്തിങ്കൽ<br>കക്കോടി | | | | |
| 17 | ശ്രീമതി. ഷീജാ<br>രാമൻകുട്ടി<br>കാരക്കുന്നുമ്മൽ<br>പന്നിക്കോട്ടൂർ | നരിക്കുനി | 18/03/20 | 3,76,000/25<br>/02/22 | വാസയോഗ്യം |
| 18 | ശ്രീമതി. ശാന്ത<br>ടി.കെ<br>W/O വേലായുധൻ<br>ചേലക്കുന്നുമ്മൽ | നരിക്കുനി | 27/12/19 | 2,46,000/10.2/22 | ചുമർ |
| 19 | ശ്രീമതി. നിഷ<br>വലിയാമ്പറത്ത്<br>പുറായിൽ<br>പന്നിക്കോട്ടൂർ | നരിക്കുനി | 12/10/20 | 1,58,000/04.03.21 | ചുമർ |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ മേൽ പരാമർശിച്ച ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് 1 വർഷം കഴിഞ്ഞിട്ടും ഭവന നിർമാണം പൂർത്തികരിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2020-21 /18.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരിക്കാത്ത വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണ സമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും സമയബന്ധിതമായി ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-13 എസ്. സി. കട്ടിൽ വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 82/2020-21 |
| പ്രോജക്ട് | പട്ടികജാതി വൃദ്ധർക്ക് കട്ടിൽ വിതരണം |
| നിർവഹണോദ്യോഗസ്ഥ | സി. ഡി. പി. ഒ |
| വകയിരുത്തിയ തുക | വികസന ഫണ്ട് - എസ്. സി. പി. - 10,00,000 രൂപ |
| ചെലവഴിച്ച തുക | ആകെ - 6,70,717 രൂപ<br>1. 3,86,952 രൂപ - ട്രഷറി ബിൽ നമ്പർ - 12/2020-21 തീയതി 8.2.2021<br>2. 2,83,765 രൂപ - ട്രഷറി ബിൽ നമ്പർ - 14/2020-21 തീയതി 18.3.2021 |

സി. ഡി. പി. ഒ, ചേളന്നൂർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷം നടപ്പിലാക്കിയിട്ടുള്ള ഈ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ എസ്. സി. വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക്

കട്ടിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 156 പേർക്ക് കട്ടിൽ നൽകിയിട്ടുണ്ട്. ആർട്ട്കോയിൽ നിന്നുമാണ് ഈ പ്രോജക്ടിനായി കട്ടിലുകൾ വാങ്ങിയത്. ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം കട്ടിലുകൾ കൈപ്പറ്റിയ 156 ഗുണഭോക്താക്കളുടെ പേരു വിവരം, കട്ടിലുകളുടെ കൈപ്പറ്റു രശീതി എന്നിവ ലഭ്യമല്ല.

2. 156 കട്ടിലുകൾ സപ്ലൈ ചെയ്തതിന് താഴെപ്പറയും പ്രകാരം ആർട്ട്കോ യ്ക്ക് ആകെ 6,70,717 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ / ഇൻവോയ്സ് നമ്പർ, തീയതി | കട്ടിലുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | NRO/SALES/523 തീയതി 1-2-2021 | 60 | 2,57,968 |
| 2 | NRO/SALES/524 തീയതി 1-2-2021 | 30 | 1,28,984 |
| 3 | NRO/SALES/751 തീയതി 16-3-2021 | 66 | 2,83,765 |
| | ആകെ | 156 | 6,70,717 |

കട്ടിലുകൾ സപ്ലൈ ചെയ്തതിന് ആർട്ട്കോ യ്ക്ക് 6,70,717 തുക നൽകിയപ്പോൾ GST , TDS ഇനത്തിൽ ഈടാക്കേണ്ട ഒരു ശതമാനം തുക ( 6,707 രൂപ ) നിർവഹണോദ്യോഗസ്ഥൻ ആർട്ട്കോ യിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 7/2020-21 തീയതി 18.3.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 6,70,717/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമ നമ്പർ 1,2 എന്നിവ പ്രകാരം സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-14 വിട്ടുകിട്ടിയ ഭൂമി നിഷ്ക്രിയമായി തുടരുന്നു

പാറത്തോളി കല്ല്യാണി അമ്മ, സരോജിനി, രാധാകൃഷ്ണൻ, ശോഭന എന്നിവരുടെ ഉടമസ്ഥതയിൽ ചേളന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കണ്ണങ്കരയിൽ റിസർവ്വേ നമ്പർ 65/5 ഉൾപ്പെട്ട 25 സെന്റ് സ്ഥലം റിലിക്വിഷ്മെന്റ് ചട്ടം 8 പ്രകാരവും, കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 08.02.1988 ലെ R.Dis-7059/87 പ്രകാരവും ബ്ലോക്ക് പഞ്ചായത്തിന് 34 വർഷം മുൻപ് വിട്ടുകിട്ടിയിട്ടുണ്ട്.

പാറത്തോളി കല്ല്യാണി അമ്മയും മുതൽ പേരും പ്രസ്തുത സ്ഥലം വിട്ടുനൽകിയത് ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിനായാണ്. എന്നാൽ 07.04.1990 ന് ചേർന്ന B D C (ബ്ലോക്ക് ഡവലപ്പ്മെന്റ് കമ്മിറ്റി) യോഗത്തിന്റെ തീരുമാന പ്രകാരം ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയാൻ പ്രസ്തുത സ്ഥലം അനുയോജ്യമല്ല എന്ന് കണ്ടെത്തി. കണ്ണങ്കര ദേശം റിസർവ്വേ നമ്പർ 65/ 5 ൽ സർക്കാർ ഏറ്റെടുത്ത 25 സെന്റ് സ്ഥലം 6.11.1990 – ന് ചേർന്ന ബി.ഡി.സി യോഗത്തിനു ശേഷം ബി.ഡി.സി ചെയർമാൻ, ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, ചേളന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്, കാക്കൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്, ശ്രീ. പി.പ്രഭാകരൻ മാസ്റ്റർ ബി.ഡി.സി മെമ്പർ, ശ്രീ.ടി. എം. രാജൻ ബി.ഡി.സി മെമ്പർ എന്നിവർ സന്ദർശിച്ചു. ഇവിടെ ബ്ലോക്ക് ആഫീസ് നിർമ്മിച്ചാൽ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥന്മാർക്കും എത്തിച്ചേരാനും, ഓഫീസിനോടനുബന്ധിച്ച് മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടും

എന്നതിനാൽ കൂടുതൽ സൗകര്യപ്രദമായ ഒരു സ്ഥലം കണ്ടുപിടിക്കാൻ തീരുമാനിച്ചു. തുടർന്ന് നിലവിലുള്ള സ്ഥലത്ത് ബ്ലോക്ക് ഓഫീസ് നിർമ്മാണം നടത്തുകയും ചെയ്തു.

എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം പ്രസ്തുത സ്ഥലം 23 സെന്റായി രേഖപ്പെടുത്തി. പ്രസ്തുത സ്ഥലത്ത് 2021 - 22 സാമ്പത്തിക വർഷം സർക്കാരിന്റെ നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി വ്യവസായ നൈപുണ്യ വികസന കേന്ദ്രം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, പദ്ധതി നടപ്പിലാക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താനായി അപേക്ഷ നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് അധികൃതർ അറിയിച്ചു. ചെറുകിട വ്യവസായ സൂക്ഷ്മ സംരംഭങ്ങളുടെ പരിശീലനം നൽകുന്നതിനും, തൊഴിൽ നൽകുന്നതു വഴി തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനും വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിനും ഈ പദ്ധതി മൂലം സാധ്യമാകും എന്ന് കാണിച്ച് വിവിധ വകുപ്പ് മന്ത്രിമാർക്കും പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

18.03.2022 – ൽ ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ചുറ്റമതിൽ, ഗേറ്റ് എന്നിവയുടെ നിർമ്മാണം 2014 – 15 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയിട്ടുണ്ട് എന്ന് ബോദ്ധ്യപ്പെട്ടു.

റിസർവ്വേ നമ്പർ 65/5 – ൽ ഉൾപ്പെട്ട 25 സെന്റ് സ്ഥലം റിലിക്വിഷ്മെന്റ് ചട്ടം 8, കോഴിക്കോട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 08.02.1988 – ലെ R.Dis-7059/87 എന്നിവ പ്രകാരവും, ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയിട്ടും പ്രസ്തുത സ്ഥലം നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (04/2020-21/18.03.22) ലഭ്യമാക്കിയിട്ടില്ല. വിട്ടുകിട്ടിയ സ്ഥലം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ സമയബന്ധിതമായി ഉപയോഗപ്പെടുത്തുന്നതിന് സെക്രട്ടറിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-15 പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തു - വിനിയോഗ വിവരം ലഭ്യമല്ല

2020-21 സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തികരിച്ചതിന്റെയോ, തുകകളുടെ വിനിയോഗ വിവരമോ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ബിൽ നമ്പർ/ തീയ്യതി/ | ചെലവഴിച്ച തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 51/20-21 – സി.എച്ച്.സി കളിൽ സി.സി.ടി.വി സ്ഥാപിക്കൽ | 16/20-21/ 10.03.21 | 1,99,872/- | പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്ക് സബ് ഡിവിഷൻ | സി.സി.ടി.വി സ്ഥാപിച്ചു. വിനിയോഗ വിവരം ലഭ്യമല്ല |
| 2 | 55/20-21 – സി.എച്ച്.സി നരിക്കുനി ജനറേറ്റർ വാങ്ങൽ, സി.എച്ച്.സി തലക്കുളത്തൂർ ജനറേറ്റർ | 15/20-21/ 10.03.21 | 13,10,036/- | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ | നാളിതുവരെ ജനറേറ്റർ ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | അഡീഷണൽ ഓട്ടോമാറ്റിക്ക് സംവിധാനം | | | | |
| 3 | 177/20-21 – തലക്കുളത്തൂർ സി.എച്ച്.സി പഴയ ഓഫീസ് കെട്ടിടം റീവയറിംഗ് | 18/20-21/ 20.03.21 | 9,32,652/- | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ | വയറിംഗ് ഭാഗികമായി പൂർത്തികരിച്ചു. |
| | ആകെ | | 24,42,560 | | |

പൊതുമരാമത്ത് വകുപ്പിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കി, മേൽ ബില്ല് പ്രകാരം തുക മാറി, ട്രഷറി ചലാൻ പ്രകാരം നൽകിയിട്ടുണ്ടെങ്കിലും, എഗ്രിമെന്റിൽ ഏർപ്പെട്ടതിന്റെ വിവരം ലഭ്യമല്ല. കൂടാതെ മേൽ തുകകളുടെ വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണ വിവരം, ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണ വിവരം, ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/2020-21 *17.03.2022) മറുപടി ലഭ്യമാക്കിയില്ല.* മേൽ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ പൊതുമരാമത്ത് വകുപ്പിൽ വിവിധ പദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്ത 24,42,560/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ വിവരം, പദ്ധതി പൂർത്തീകരണ വിവരം, ഭൗതിക നേട്ട റിപ്പോർട്ട് എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുമാണ്.

### 1-16 വെങ്കണക്കര കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല.

| | | |
|---|---|---|
| പ്രൊജക്റ്റിന്റെ നമ്പർ, പേര് | വെങ്കണക്കര കുടിവെള്ള പദ്ധതി 143/21 | വെങ്കണക്കര കുടിവെള്ള പദ്ധതി പൂർത്തീകരണം 140/21 |
| വകയിരുത്തിയ തുക | 886885/- ( SCP-വി. ഫണ്ട്) | 1188515/- (SCP-വി. ഫണ്ട്) |
| ചെലവഴിച്ച തുക, ബിൽ നമ്പർ, തിയ്യതി | 356176/- (18/29.09.20)<br>200199/- (19/13.10.20) | 656585/- (12/20.8.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ |
| കോൺട്രാക്ടർ | നൌഷാദ്. കെ. കെ (M.Book-87//19,06 /19,53/19) | നൌഷാദ്. കെ. കെ (M.Book47/19,50/19) |
| എഗ്രിമെന്റ് നമ്പർ | AE/15/19dt.01.01.19 | AE/12/19-20dt.26.12.19 |

കാക്കൂർ ഗ്രാമപഞ്ചായത്തിലെ വെങ്കണക്കര കുടിവെള്ള പദ്ധതിക്കായി 2018-19 – ൽ ആരംഭിച്ച പദ്ധതിയാണിത്. കിണർ നിർമ്മാണം, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള ഗ്രൗണ്ട് ലെവൽ പ്ലാറ്റ്ഫോം, വിതരണ ശൃംഖല, മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. 2018-19 – ൽ 5,49,235/- രൂപ ചെലവഴിച്ച് കിണർ നിർമ്മിച്ചിട്ടുണ്ട്. 2020-21 – ൽ മേൽ പ്രോജക്ടുകൾ പ്രകാരം 12,12,960/- രൂപ ചെലവഴിച്ച് പമ്പ് ഹൗസ്, വാട്ടർ ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണ ശൃംഖല എന്നിവ പൂർത്തീകരിച്ചു. 2021-22 – ൽ റെയ്ഡ്കോ മുഖേന മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കുടിവെള്ള പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക വകയിരുത്തി സമഗ്രമായ പ്രോജക്ട് തയ്യാറാക്കിയില്ല.

2. പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷൻ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

3. പ്രവൃത്തി പൂർത്തീകരിച്ച് ഇതുവരെയും ഉപയോഗപ്പെടുത്താത്തതിനാൽ ചെലവു തുക പാഴ്ച്ചെലവാകുകയും പദ്ധതി ലക്ഷ്യം കൈവരിക്കാനാകാതെ പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയുമാണ്.

4. ഓഡിറ്റ് ടീം 18.03.2022 – ന് നടത്തിയ സ്ഥല പരിശോധനയിൽ കിണർ വെള്ളം വൃത്തിഹീനമായ അവസ്ഥയിലാണ്. മോട്ടോറിന്റെ വാറണ്ടി പീരിയഡ് കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി ലഭിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ ആരംഭിച്ചതായി കണ്ടില്ല.

പ്രോജക്ട് പൂർത്തീകരിച്ച് ഉപയോഗപ്പെടുത്താതെ പദ്ധതിപ്പണം പാഴ്ച്ചെലവാകുന്നതിന് ഇടവരുത്തിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/18.03.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതി പ്രാവർത്തികമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവു തുക 12,12,960/- തടസ്സത്തിൽ വെക്കുന്നു.

1-17 പുല്ലപിലാക്കൽ കുടിവെള്ളപദ്ധതി - പ്രോജക്ട് ആസൂത്രണം സമഗ്രമല്ല.

നന്മണ്ട ഗ്രാമ പഞ്ചായത്തിലെ പുല്ലാപിലാക്കൽ കുടിവെള്ള പദ്ധതിക്കായി ആസൂത്രണം ചെയ്ത പ്രോജക്ടുകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്,നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | പ്രോജക്ടിന്റെ ഉദ്ദേശ്യം |
|---|---|---|---|---|
| 1 | പുല്ലാപിലാക്കൽ കുടിവെള്ള പദ്ധതി 56/19 | 10,00,000/- | 8,28,922/- | ടാങ്ക്, പമ്പിംഗ് ലൈൻ എന്നിവ സ്ഥാപിക്കുന്ന തിനുള്ള പ്രോജക്ട് |
| 2 | 75/20 | 14,50,000/- | 1,50,000/- | വിതരണ ശൃംഖല, മോട്ടോർ എന്നിവ സ്ഥാപിക്കുന്ന തിനുള്ള പ്രോജക്ട് |
| 3 | 90/20 | 1,71,078/- | 1,11,915/- | ടാങ്ക്, പമ്പിംഗ് ലൈൻ എന്നിവ സ്ഥാപിക്കുന്ന തിനുള്ള പ്രോജക്ട് |

| | | | | |
|---|---|---|---|---|
| | | | | |
| 4 | 112/20 | 2,50,000/- | ചെലവില്ല | മോട്ടോർ സ്ഥാപിക്കുന്ന തിനുള്ള പ്രോജക്റ്റ് |
| 5 | 120/20 | 1,50,000/- | ചെലവില്ല | സ്ട്രീറ്റ് ഫൌണ്ടെയിൻ സ്ഥാപിക്കുന്നതിനും ഇലക്ട്രിക് സർവ്വീസ് ചാർജ് അടക്കുന്നതിനുമുള്ള പ്രോജക്റ്റ് |
| 6 | 106/21 | 11,61,117/- | 11,22,399/- | വിതരണ ശൃംഖല, മോട്ടോർ എന്നിവ സ്ഥാപിക്കുന്ന തിനുള്ള പ്രോജക്റ്റ് |
| 7 | 108/21 | 2,50,000/- | 2,40,205/- | മോട്ടോർ സ്ഥാപിക്കുന്ന തിനുള്ള പ്രോജക്റ്റ് |
| 8 | 145/21 | 1,50,000/- | 1,03,552/- | സ്ട്രീറ്റ് ഫൌണ്ടെയിൻ സ്ഥാപിക്കുന്നതിനും ഇലക്ട്രിക് സർവ്വീസ് ചാർജ് അടക്കുന്നതിനുമുള്ള പ്രോജക്റ്റ് |

നിലവിലുള്ള കിണറിലെ വെള്ളം ഉപയോഗപ്പെടുത്തി പമ്പിംഗ് മെയിൻ, ടാങ്ക്, വിതരണശൃംഖല, മോട്ടോർ എന്നിവ സ്ഥാപിച്ച് പദ്ധതി പ്രാവർത്തികമാക്കുകയാണ് ലക്ഷ്യമിട്ടത്. 16.11.2018 – ൽ എഗ്രിമെന്റ് വെച്ച് പണി ആരംഭിച്ച മേൽ പദ്ധതി 20.8.2020 – ൽ ഭാഗികമായി പൂർത്തിയാക്കി ജലവിതരണം ആരംഭിച്ചുവെങ്കിലും പ്രോജക്റ്റ് പൂർത്തിയാക്കുന്നത് തുടർവർഷങ്ങളിലാണ്.

കുടിവെള്ള പദ്ധതി സംബന്ധിച്ച് സാധ്യതാ പഠനം നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക വകയിരുത്തി സമഗ്രമായ പ്രോജക്റ്റ് തയ്യാറാക്കുന്നതിനു പകരം യാതൊരു പഠനവും നടത്താതെ അതാതു സമയത്തെ ആവശ്യങ്ങൾ മാത്രം പരിഗണിച്ച് ആവശ്യത്തിന് ഫണ്ട് വകയിരുത്താതെയാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/18.03.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികൾ സാധ്യതാപഠനം നടത്തിയശേഷം ആവശ്യമായ തുക വകയിരുത്തി സമഗ്രമായ പ്രോജക്റ്റ് തയ്യാറാക്കി നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-18 സിഡ്കോ മുഖേന നടപ്പാക്കിയ പ്രവൃത്തിയുടെ ഗുണനിലവാരം സുതാര്യത എന്നിവ ഉറപ്പുവരുത്തിയില്ല.

| പ്രൊജക്റ്റിന്റെ നമ്പർ, പേര് | ഘടക സ്ഥാപനങ്ങളുടെ നവീകരണം 151/21 | ഘടക സ്ഥാപനങ്ങളുടെ ഓഫീസുകൾ ഫർണ്ണീഷിംഗ് 93/21 |
|---|---|---|
| വകയിരുത്തിയ തുക | 590000/- ( MG-NR) | 576000/- (MG-NR) |
| ചെലവഴിച്ച തുക, ബിൽ നമ്പർ, തിയ്യതി | 581402/- (9/22.05.20) | 575398/- (29/31.3.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ |
| എഗ്രിമെന്റ് നമ്പർ | AE/11A /19-20dt.29.11.2019 | AE/10/20-21dt.17.09.20 |

മേൽ പ്രോജക്ടുകൾ പ്രകാരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലും ഡി.ഇ.ഒ,എസ്.സി.ഡി.ഒ.എന്നിവരുടെ ഓഫീസുകളിലും ഫർണ്ണീഷിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി സിഡ്കോക്ക് തുക നൽകിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ 151/21 പ്രകാരം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ചെയ്ത പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| Sl.no. | Description | Gross Value | Invoice No. |
|---|---|---|---|
| 1 | Civil Works | 119000/- | KKD/19-20/237/6.03.20 |
| 2 | Furniture | 361923/- | KKD/19-20/236/6.03.20 |
| 3 | Electrical | 54978/- | KKD/19-20/237/6.03.20 |
| 4 | False Ceiling | 45501/- | KKD/19-20/235/6.03.20 |
| | Total | 581402 | |

പ്രോജക്ട് നമ്പർ 93/21 പ്രകാരം ഡി.ഇ.ഒ, എസ്.സി.ഡി.ഒ. എന്നിവരുടെ ഓഫീസുകളിൽ ചെയ്ത പ്രവൃത്തിയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| Sl.no. | Description | Gross Value | Invoice No. |
|---|---|---|---|
| 1 | Civil Works | 108914/- | KKD/20-21/217/19.03.21 |
| 2 | Furniture | 323203/- | KKD/20-21/217/19.03.21 |
| 3 | Electrical | 87821/- | KKD/20-21/217/19.03.21 |
| 4 | False Ceiling | 55460/- | KKD/20-21/217/19.03.21 |
| | Total | 5,75,398 | |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ സൂപ്പർവിഷൻ, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപന

എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (Circular No. AC3/163/2017 LSGD 01.8.2018) എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം നടപ്പാക്കിയ പ്രവൃത്തികൾക്ക് സൂപ്പർവിഷൻ നടത്തുകയോ ബിൽ തുക നൽകുന്നതിനു മുമ്പ് പ്രവൃത്തി അളവെടുക്കുകയോ ചെയ്തിട്ടില്ല.

2. മേൽഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഉദ്യോഗസ്ഥ-സ്ഥാപന വൈദഗ്ദ്യം ഉപയോഗിച്ച് ചെയ്യാൻ കഴിയാത്ത പ്രവർത്തനങ്ങളാണ് അക്രിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നത്. എന്നാൽ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ സിവിൽ വർക്കുകൾ പോലും സിഡ്കോയെ ഏൽപ്പിച്ചതായി കാണുന്നു.

എല്ലാ അക്രഡിറ്റഡ് ഏജൻസികളും നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം , സുതാര്യത, ചെലവഴിച്ച തുകയുടെ ഫലപ്രാപ്തി എന്നിവ സർക്കാർ നിയോഗിക്കുന്ന ക്ഷമതയുള്ള അധികാരിയുടെ പരിശോധനക്ക് വിധേയമായിരിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള യാതൊരു പരിശോധനയും കൂടാതെ സിഡ്കോ സമർപ്പിച്ച ഇൻവോയ്സിന്റെ മാത്രം പിൻബലത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/17.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി രേഖകൾ സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവു തുക 11,56,800/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-19 പൊതുമരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല

ചേളന്നൂർ ബ്ളോക്കിൽ 2020-21 – ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയോ നിയമാനുസൃതം പിഴ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാന ത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|
| 1 | 132/21 കായലാട് അങ്കണവാടി കെട്ടിട നിർമ്മാണം-കാക്കൂർ | 437896/-(വി.ഫ.പൊതു.) Bill No. 3/23.4.20 (373805/-) 15/20.8.20 (64091/-) | അഖിൽ ഗോവിന്ദ്.കെ.ടി AE/8/19-20dt.5.9.19 | 6 മാസം 5.09.19 | 4.06.20 | 4 മാസം 437896x3% | 13137/- |
| 2 | 143/21 വെങ്കണക്കര | 556375/-(വി.ഫ-SCP) Bill No. | നൌഷാദ്.കെ.കെ AE/15/18-19dt.1.1.19 | 9 മാസം 01.01.19 | 07.09.20 | 11മാസം 1431660x | 42950/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി | (18/29.9.20-356176/-)<br>(19/13.10.20-200199/-) | | | | 3% | |
| | | | | | | Total | 56,087/- |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

ക്രമ നമ്പർ ഒന്നിലെ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ. ഇ മുഖേന അപേക്ഷിച്ചിട്ടില്ല. ക്രമനമ്പർ രണ്ടിലെ പ്രവർത്തിയുടെ കാലാവധി 30.09.2019 ആണ് .

അതിനു ശേഷം മൂന്ന് മാസം കഴിഞ്ഞാണ് ദീർഘീകരണത്തിനായി അപേക്ഷ സമർപ്പിച്ചത്. ആയത് പരിഗണിച്ച് 01.01.2020 മുതൽ കാലാവധി 6 മാസവും അതിനു ശേഷം മൂന്ന് മാസവും പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത്തരത്തിൽ മാന്വലിന് വിരുദ്ധമായി കാലാവധി നീട്ടി നൽകുകയും പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാത്ത കരാറുകാരനെതിരെ നടപടിയൊന്നും സ്വീകരിക്കാതിരിക്കുകയും ചെയ്യുകയാണുണ്ടായത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/18.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കാനുള്ള 56,087/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-20 ഇ ടെണ്ടർ ഫീ - ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

വാർഷിക കണക്കുകൾ, ഇ-ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളുടെ ഭാഗമായി ബ്ളോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) ലഭിച്ചതായി കാണുന്നില്ല. നാളിതുവരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ ഇതുവരെ അടവാക്കിയ തുകയുടെ വിവരങ്ങളും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്. ബി. ഐ. മലാപറമ്പിലുള്ള 34852114868 നമ്പർ അക്കൗണ്ടിൽ 19.01.2022 തിയ്യതിയിൽ 2,85,016/- രൂപ നീക്കിയിരുപ്പുണ്ട്. പ്രസ്തുത തുകകൾ ഏതെല്ലാം ഇനങ്ങളിലുള്ളതാണെന്ന് പരിശോധിച്ച് ഇ – ടെണ്ടർ ഫീ പൂർണ്ണമായും ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം പരിശോധനക്ക് ഹാജരാക്കേണ്ടതും വരവു തുകകൾ യഥാസമയം ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതിന് വിശദീകരണം

ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് അടവാക്കിയ 2,75,000/- രൂപയുടെ രശീതിയും ( 121030500001/19.03.2022) ഹാജരാക്കിയിട്ടുണ്ട്. ഭാവിയിൽ ടെണ്ടർ ഫീ വരവുകൾ അതാതു മാസം തന്നെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതും ടെണ്ടർ ഫീ വരവിന്റെയും അടവിന്റെയും വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നംപർ/പേര് | 58/21 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| നിർവ്വഹണം | എസ്.സി.ഡി.ഒ |
| വകയിരുത്തിയ തുക | 5,25,000 (എസ്.സി.പി ഫണ്ട്) |
| ചെലവു തുക | 345000+135000+200000+250000= 525000 |
| ബിൽ നംപർ | 9/7-10-20, 15/13-1-21, 16/13-1-21, 22/26-2-21 |

മേൽ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.കൈ. നംപർ 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ. 7.2.5 പ്രകാരം എസ്. സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കുള്ള ധനസഹായം എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആകെ 24 വിദ്യാർത്ഥികൾക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു വിദ്യാർത്ഥിക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടിയ നിരക്കിൽ ധനസഹായം അനുവദിച്ചതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നംപർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച ധന സഹായം | അധികം നൽകിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീ.ഷാല്യ.വി.കെ, വട്ടക്കുനിയിൽ, തലക്കുളത്തൂർ. | DPharm (Diploma In Pharmacy) | 15,000 | 20,000 | 5,000 |

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിലും കൂടിയ നിരക്കിൽ ധന സഹായം അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (3/20-21 തീയ്യതി 17-3-2022) എസ്.സി.ഡി.ഒ നൽകിയ മറുപടിയിൽ ഡിപ്ലോമ വിദ്യാർത്ഥികൾക്ക് 20,000 രൂപ അനുവദിക്കാമെന്ന നിർദ്ദേശത്തെ തുടർന്നാണ് തുക അനുവദിച്ചതെന്നറിയിച്ചിട്ടുണ്ട്. നിർദ്ദേശം ഉൾക്കൊള്ളുന്ന ഉത്തരവ് ലഭ്യമാക്കാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 5,000 രൂപ എസ്.സി.ഡി.ഒ യിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

### 3-2 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | പ്രീമെട്രിക് ഹോസ്റ്റൽ നവീകരണം, കക്കോടി |
| വകയിരുത്തിയ തുക | 10,00,000 (വികസന ഫണ്ട് എസ്.സി.പി ) |
| ചെലവഴിച്ച തുക, ബിൽ/വൗച്ചർ നമ്പർ, തിയ്യതി | 528717+377121=905838<br>7/15-5-20,4/25-4-20 |
| എം. ബുക്ക് | 14/19-20,39/19-20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടർ | ഒമ്റാൻ പ്രോജക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് |
| എഗ്രിമെന്റ് നമ്പർ/തീയ്യതി | 5/AE/CLRBD/19-20 5-9-2019 |

കക്കോടിയിലുള്ള പ്രീമെട്രിക് ഹോസ്റ്റൽ നവീകരണത്തിനായി 2019-20 വർഷത്തിൽ വിഭാവനം ചെയ്ത മേൽ പ്രോജക്ടിൽ പ്രീമെട്രിക് ഹോസ്റ്റലിനോട് അനുബന്ധിച്ച് ലൈബ്രറിയും കമ്പ്യൂട്ടർ ലാബും നിർമ്മിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾക്ക് മണ്ണ് നീക്കം ചെയ്തതിന്റെ വിവരം മെഷർമെന്റ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് താഴെ ചേർക്കും പ്രകാരമാണ്.

| മെഷർമെന്റ് പുസ്തകം, പേജ് | അളവ് |
|---|---|
| 14/2019-20 പേജ് 2, 3 | 29.04 ഘ. മീ |

ഈ നിർമ്മാണത്തിൽ ഐറ്റം നമ്പർ 11 പ്രകാരം നിർമ്മാണത്തിനായി മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. മെഷർമെന്റ് പുസ്തകം 14/19-20 പേജ് 13 പ്രകാരം 20.48 ഘ. മീ. മണ്ണ് ഫിൽ ചെയ്യുകയും 19.264 ഘ. മീറ്ററിൽ ലിമിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിനായി 500 രൂപ നിരക്കിൽ 9632 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഐറ്റം നമ്പർ 3 പ്രകാരം മേൽ അളവിൽ കുഴിച്ചെടുത്ത മണ്ണ്, ഫില്ലിങ്ങിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ലഭ്യമായിരിക്കെ ആയത്

ഉപയോഗിക്കാതെ കരാറുകാരൻ സ്വന്തമായി കൊണ്ടു വന്ന മണ്ണ് നിറയ്ക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 5/19-20/17-3-22) നൽകിയതിന്, കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിക്കാൻ സാധിക്കാത്തതായിരുന്നുവെന്നും, പ്രസ്തുത വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണ് എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ മുകളിൽ വിവരിച്ച രീതിയിൽ മണ്ണ് കുഴിച്ചെടുക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ പ്രവൃത്തി സ്ഥലത്തെ മണ്ണ് പരിശോധന നടത്തി മണ്ണിന്റെ സ്വഭാവം പരിശോധനാ വിധേയമാക്കിയിരുന്നോ എന്നത് വ്യക്തമല്ല. ആയതിനാൽ അസി. എഞ്ചിനീയർ നൽകിയ മറുപടി തൃപ്തികരമല്ല. കുഴിച്ചെടുത്ത 29.04 ഘ. മീ മണ്ണ് ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ 9,632/- രൂപയുടെ (19.264x500) ചെലവ് ഒഴിവാക്കാമായിരുന്നു. ഈയിനത്തിൽ കരാറുകാരന് നൽകിയ 9,632/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് അനർഹമായി തുക അനുവദിച്ച എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പൊതുമരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നില്ല

ചേളന്നൂർ ബ്ളോക്കിൽ 2020-21 – ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനെതിരെ നടപടി സ്വീകരിക്കുകയോ നിയമാനുസൃതം പിഴ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാന ത്തിൽ | പിഴ (രൂ) |
|---|---|---|---|---|---|---|---|
| 1 | 132/21 കായലാട് അങ്കണവാടി കെട്ടിട നിർമ്മാണം- കാക്കൂർ | 437896/-(വി.ഫ.പൊതു.) Bill No. 3/23.4.20 (373805/-) 15/20.8.20 (64091/-) | അഖിൽ ഗോവിന്ദ്.കെ.ടി AE/8/19-20dt.5.9.19 | 6 മാസം 5.09.19 | 4.06.20 | 4 മാസം 437896x3% | 13137/- |
| 2 | 143/21 വെങ്കണക്കര കടിവെള്ള പദ്ധതി | 556375/-(വി.ഫ-SCP) Bill No. (18/29.9.20-356176/-) (19/13.10.20-200199/-) | നൌഷാദ്.കെ.കെ AE/15/18-19dt.1.1.19 | 9 മാസം 01.01.19 | 07.09.20 | 11മാസം 1431660x 3% | 42950/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | Total | 56,087/- |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യൂ.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്.

ക്രമ നമ്പർ ഒന്നിലെ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ. ഇ മുഖേന അപേക്ഷിച്ചിട്ടില്ല. ക്രമനമ്പർ രണ്ടിലെ പ്രവർത്തിയുടെ കാലാവധി 30.09.2019 ആണ് .

അതിനു ശേഷം മൂന്ന് മാസം കഴിഞ്ഞാണ് ദീർഘീകരണത്തിനായി അപേക്ഷ സമർപ്പിച്ചത്. ആയത് പരിഗണിച്ച് 01.01.2020 മുതൽ കാലാവധി 6 മാസവും അതിനു ശേഷം മൂന്ന് മാസവും പിഴ ഈടാക്കാതെ കാലാവധി നീട്ടി നൽകി. ഇത്തരത്തിൽ മാന്വലിന് വിരുദ്ധമായി കാലാവധി നീട്ടി നൽകുകയും പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാത്ത കരാറുകാരനെതിരെ നടപടിയൊന്നും സ്വീകരിക്കാതിരിക്കുകയും ചെയ്യുകയാണുണ്ടായത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/18.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കാനുള്ള 56,087/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 2020-21 ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവർത്തികൾ പൂർത്തികരിച്ചതിന്റെയോ, തുകകളുടെ വിനിയോഗവിവരമോ ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ/പേര് | ബിൽ നമ്പർ/ തീയ്യതി/ | ചെലവഴിച്ച തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 51/20-21 – സി.എച്ച്.സി കളിൽ സി.സി.ടി.വി സ്ഥാപിക്കൽ | 16/20-21/ 10.03.21 | 1,99,872/- | പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്ക് സബ്ബ് ഡിവിഷൻ | സി.സി.ടി.വി സ്ഥാപിച്ചു.വിനിയോഗ വിവരം ലഭ്യമല്ല |
| 2 | 55/20-21 – സി.എച്ച്.സി നരിക്കുനി ജനറേറ്റർ വാങ്ങൽ, സി.എച്ച്.സി തലക്കുളത്തൂർ ജനറേറ്റർ അഡീഷണൽ ഓട്ടോമാറ്റിക്ക് സംവിധാനം | 15/20-21/ 10.03.21 | 13,10,036/- | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ | നാളിതുവരെ ജനറേറ്റർ ലഭ്യമായിട്ടില്ല |
| 3 | 177/20-21 – തലക്കുളത്തൂർ സി.എച്ച്.സി പഴയ ഓഫീസ് കെട്ടിടം റീവയറിംഗ് | 18/20-21/ 20.03.21 | 9,32,652/- | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ | വയറിംഗ് ഭാഗികമായി പൂർത്തികരിച്ചു. |
| | ആകെ | | 24,42,560 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

4-6 സ്ഥിരനിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല .

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-96 | 3-19 | 1999 | 43 | എയ്ഡഡ് സ്കൂളുകൾക്ക് ധനസഹായം നൽകി | മറുപടി ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട് |
| 2000-01 | 42 | 2002-03 | 11.5.2.116 | തൈക്കണ്ടിക്കുളം നിർമ്മാണം | |
| 2001-02 | | 2003-04 | 4.13.150 | കുളങ്ങരക്കണ്ടി താഴം ജലസേചന പദ്ധതി | |
| 2015-16 | 3.14 | 2019-17 | 4.8.1 | ചുമതലാ ലംഘനം | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,51,53,276 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,87,43,188 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70,719 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 54,83,037 |
|---|---|

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5,000 | ശ്രീ. സതീഷ് ഒ, എസ്. സി. ഡി. ഒ |
| 3-2 | 9,632 | ശ്രീ. ശ്രീ. ഷാഹുൽ ഹമീദ് എ. എം,<br>അസി. എഞ്ചിനീയർ |
| 3-3 | 56,087 | ശ്രീമതി. നിഷ ഐ, അസി. എഞ്ചിനീയർ |
| ആകെ | 70,719 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 6,70,717 | ശ്രീമതി. ബിന്ദു. എൻ. പി, സി. ഡി. പി. ഒ |
| 1-15 | 24,42,560 | ഡോ. ബേബി പ്രീത, മെഡിക്കൽ ഓഫീസർ |
| 1-16 | 12,12,960 | ശ്രീമതി. നിഷ ഐ, അസി. എഞ്ചിനീയർ |
| 1-18 | 11,56,800 | ശ്രീ. ശ്രീ. ഷാഹുൽ ഹമീദ് എ. എം,<br>അസി. എഞ്ചിനീയർ - 5,81,402<br>ശ്രീമതി. നിഷ ഐ, അസി. എഞ്ചിനീയർ -5,75,398 |
| ആകെ | 54,83,037 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സതീഷ് ഒ,<br>എസ്. സി. ഡി. ഒ | എസ്. സി. ഡി. ഒ,<br>ചേളന്നൂർ<br>ബ്ലോക്ക് പഞ്ചായത്ത് | ചാലിൽ, നടുവണ്ണൂർ,<br>കൊയിലാണ്ടി |
| ശ്രീ. ഷാഹുൽ ഹമീദ് എ. എം, | അസി. എഞ്ചിനീയർ, | ലിയാസ് മഹൽ, |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | കോണോട്ട്,<br>പി. ഒ. കുന്ദമംഗലം<br>കോഴിക്കോട് - 673571 |
| ശ്രീമതി. നിഷ ഐ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ഇഷാന, നെടിയാറമ്പത്ത്,<br>പി. ഒ. വേളൂർ വെസ്റ്റ്,<br>അത്തോളി<br>കോഴിക്കോട് – 673317 |
| ശ്രീമതി. ബിന്ദു എൻ. പി,<br>സി. ഡി. പി. ഒ | സി. ഡി. പി. ഒ,<br>ചേളന്നൂർ<br>ബ്ലോക്ക് പഞ്ചായത്ത് | നാലുകുടി പറമ്പ്, നടക്കാവ്,<br>കോഴിക്കോട്. |
| ഡോ. ബേബി പ്രീത, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>സാമൂഹ്യ ആരോഗ്യ കേന്ദ്രം, തലക്കുളത്തൂർ | ജാനിക, കാരാടി,<br>താമരശ്ശേരി,<br>കോഴിക്കോട് – 673573 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക പരാമർശങ്ങൾ |
|---|---|---|---|
| 1995-96<br>1996-97<br>1997-98 | എൽ.എഫ്.കെ.കെ.ഡി. പി7/ 764/10 തീ. 07.08.10 | 1 | 43 CAR |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി7/ 121/09 തീ. 09.02.09 | 1 | 35 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(2) തീ.05.05.15 | 3 | 34,39,41 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(1) തീ.05.05.15 | 1 | 35 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി7/ | 2 | 3-3 (എ,ബി), 3-4 |

| | | | |
|---|---|---|---|
| | 1369/11 തീ.13.02.12 | | |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(3) തീ.05.05.15 | 3 | 3-2, 3-3, 3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(4) തീ.05.05.15 | 2 | 3-5, 3-10 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(5) തീ.05.05.15 | 8 | 3-2(3), 3-8 എ(5,6),3-9(3,4,5), 3-10(2),3-11, 3-12, 3-13, 3-14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(6) തീ.05.05.15 | 5 | 3-1,3-2,3-3,3-6,3-9 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(7) തീ.05.05.15 | 3 | 3-6,3-9,3-10 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി7/ 2215/16(1) തീ.11.07.17 | 5 | 3-3, 3-7(1), 3-6, 3-8, 3-9 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/ 116/15(9) തീ.05.05.15 | 4 | 3-2, 3-3, 3-5, 3-6 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി7/ 808/16 തീ.03.06.17 | 3 | 3-1, 3-2, 3-6 (1) |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി7/ 769/2017 തീ.08.02.2018 | 6 | 2-1, 3-4, 3-7, 3-8, 3-10, 3-11 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/ 424/2017 തീ.31.01.2018 | 7 | 2-1, 2-2, 3-1,3-6, 3-8, 3-9, 3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി7/ 2046/ 2017 തീ 26.03.2018 | 7 | 2-1, 3-3, 3-4, 3-5, 3-6, 3-7,3-12 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി7/ 186/2019 തീ.09.07.2019 | 6 | 1-12, 3-1, 3-2, 3-3, 3-4, 3-6 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി11/ 2025/2019 തീ.18.02.2020 | 6 | 1-6, 1-8, 1-10, 1-14, 1-15, 4-11 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്